## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3751** 24.06.2014- ലെ മറുപടിക്ക്

**സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പാ പദ്ധതികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, കെ. മുരളീധരൻ<br>,, എം. പി. വിൻസെന്റ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾക്ക് അപേക്ഷിച്ചാലുടൻതന്നെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) സഹകരണ സംഘങ്ങൾ /ബാങ്കുകൾ മുഖേന വായ്പയെടുക്കുന്നതിന് ജാമ്യം നൽകാൻ കഴിയാത്തവർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗവിഭാഗക്കാരെ കൊള്ളപ്പലിശക്കാരുടെ ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും, സഹായിക്കുന്നതിനുമായി 10,000/- രൂപ വരെയുള്ള ചെറുകിട വായ്പകൾ നൽകുന്നതിനും ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്ന വർക്കും 5000/- രൂപാവരെ സ്വന്തം ജാമ്യത്തിന്മേൽ വായ്പ നൽകുന്നതിനുള്ള വായ്പാ പദ്ധതി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 5000/- രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 2 ദിവസത്തിനകം സംഘം ചീഫ് എക്സിക്യൂട്ടീവിനും 5000/- രൂപ മുതൽ 10,000/- രൂപാവരെയുള്ള വായ്പകൾ പരമാവധി 5 ദിവസത്തിനകം ചീഫ് എക്സിക്യൂട്ടിവിന്റെ ശുപാർശയിൽ സംഘം പ്രസിഡന്റിനും അനുവദിക്കാവുന്നതാണ്. |
| ബി) ഏതെല്ലാം തരം സഹകരണ ബാങ്ക്/ സംഘങ്ങൾ വഴിയാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖേനയാണ് പ്രസ്തുത വായ്പാ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ